(ബി&സി) പുട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ താഴെ പറയുന്ന വിവിധങ്ങളായ ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട് ;

1. സൗജന്യറേഷൻ
2. ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം
3. കുടിവെള്ളം, വൈദ്യുതി
4. ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം
5. ആരോഗ്യപരിപാലനം
6. വിദ്യാഭ്യാസ ധനസഹായം (1-ാം ക്ലാസ്സ് മുതൽ ഹയർസെക്കണ്ടറി വരെയുള്ള കുട്ടികൾക്ക്)
7. ഉന്നത വിദ്യാഭ്യാസ ധനസഹായം. (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ)
8. മാരകരോഗം ബാധിച്ചവർക്ക് ധനസഹായം (5,000 രൂപ മുതൽ 30,000 രൂപ വരെ)
9. മരണാനന്തര സഹായം (10,000 രൂപ)
10. തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം (10,000 രൂപ)

മേൽപ്പറഞ്ഞ ആശ്വാസ പ്രവർത്തനങ്ങൾ കൂടാതെ 2007-ലെ തോട്ടം തൊഴിലാളി ക്ഷേമഫണ്ട് സ്കീം പ്രകാരം തോട്ടം മേഖലയിൽ പ്രകൃതി ക്ഷോഭം, പകർച്ചവ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000 രൂപ വീതം സഹായവും നൽകുന്നുണ്ട്. ആർ.ബി.റ്റി. ഗ്രൂപ്പിന്റെ കോഴിക്കാനം ടീ എസ്റ്റേറ്റ്, മൗണ്ട് ടീ എസ്റ്റേറ്റ്, തങ്കമല എസ്റ്റേറ്റ് എന്നിവയും ഹീരുമേട് ടീ കമ്പനിയുടെ ഹീരുമേട് എസ്റ്റേറ്റ്, ലോൺട്രീ എസ്റ്റേറ്റ് എന്നിവയുമാണ് ഇപ്പോൾ അടഞ്ഞുകിടക്കുന്നത്.

കേരളത്തിന് പുറത്തു നിന്നും ലഭിക്കുന്ന വൈദ്യുതി

29(*298) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. രാജൻ :
ശ്രീ ബാബു പോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെ പുതിയ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ എന്തുമാത്രം കുറവാണുണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനുള്ള അൺ അലോക്കേറ്റഡ് വൈദ്യുതി വിഹിതം ലഭിക്കാതായിട്ട് എത്ര കാലമായി എന്നറിയിക്കുമോ ;

(ഡി) സംസ്ഥാനത്തിന് എവിടെ നിന്നെല്ലാം ഇപ്പോൾ വൈദ്യുതി ലഭിക്കുന്നുണ്ട് ; ഓരോ സ്ഥലത്തു നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ&ബി) ഇല്ല. കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗാഡ്കിൽ ഫോർമുലയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. ഗാഡ്കിൽ ഫോർമുലയുടെ മാനദണ്ഡങ്ങൾ കാലക്രമേണ കേരളത്തിന് പ്രതികൂലമായാണ് കണ്ടുവരുന്നത്. മുമ്പ് കേന്ദ്ര വിഹിതമായി 10-16% വൈദ്യുതി ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 3-8% മാത്രമാണ് ലഭ്യമാകുന്നത്.

(സി) ഡിസംബർ 2006-ൽ 144.48 MW അൺ അലോക്കേറ്റഡ് വിഹിതം ലഭിച്ചിരുന്നത് 2007 ഏപ്രിലോടെ 10 MW ആയി കുറയുകയും 2009-ഓടെ അൺ അലോക്കേറ്റഡ് വിഹിതം ഇല്ലാതാവുകയും ചെയ്തു.

(ഡി) ദക്ഷിണ മേഖലയിലെ താപവൈദ്യുതി നിലയങ്ങളായ രാമഗുണ്ടം, എൻ.എൽ.സി. എന്നിവയിൽ നിന്നും ആണവ നിലയങ്ങളായ MAPS, KIGA എന്നിവയിൽ നിന്നും ഒറീസയിലെ താൽച്ചറിൽ നിന്നും യൂണിറ്റിന് 1.89 രൂപ മുതൽ 3.61 രൂപ നിരക്കിൽ വൈദ്യുതി ലഭിക്കുന്നുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളുടെ സേവനസൗകര്യം മെച്ചപ്പെടുത്താൻ നടപടി

29(*298) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്ഐ. ആശുപത്രികളുടെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും പുതിയ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇ.എസ്.ഐ. പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും, അംഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇത്തരം സേവനത്തിന് പ്രതിവർഷ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇൻഷ്വറൻസ് ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് പോകുന്ന അംഗങ്ങൾക്ക് ജീവനക്കാരിൽ നിന്നും മതിയായ പരിഗണന ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly